# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2859** **07.12.2018 ലെ മറുപടി**

**ജലസേചന വകുപ്പും കൃഷി വകുപ്പും യോജിച്ചുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ .പി:** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ജലസേചന വകുപ്പും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനമില്ലായ്മ പദ്ധതികൾ തിരഞ്ഞെടുക്കുന്നതിനും അവ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും ചില പിഴവുകൾക്ക് ഇടയാക്കാറുണ്ടെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി വകുപ്പിന്റെ നിർദ്ദേശം കൂടി പരിഗണിച്ചാണ് ജലസേചന വകുപ്പ് പദ്ധതികൾ പൊതുവേ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് എന്നാൽ ചില പരിമിതികൾ ഇക്കാര്യത്തിൽ കാണാൻ സാധിക്കും. കൃഷിക്ക് ജലം ആവശ്യമായ സമയത്ത് ജല ലഭ്യത കുറയുന്ന അവസ്ഥ സംജാതമാകാറുണ്ട്. ഇത് പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ത്രിതല പഞ്ചായത്ത് തലത്തിൽ രൂപീകൃതമായിട്ടുള്ള സാങ്കേതിക സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഈ സമിതികളിൽ കൃഷി ഓഫീസർമാർ അംഗങ്ങളാണ്. എന്നതിനാൽ സംയോജിതമായി പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും കഴിയുന്നുണ്ട്. |
| (ബി) അതത് പ്രദേശത്തെ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് പദ്ധതികൾ തിരഞ്ഞെടുക്കുന്നതിനും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) സാധിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവർ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചാണ് നിലവിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഹരിതകേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള സമഗ്ര നീർത്തട പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ മുൻ ഗണനാക്രമം തീരുമാനിച്ചിട്ടുള്ളതും പ്രാദേശിക ജനപ്രതിനിധി കളുടെയും അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിർദ്ദേശം കൂടി കണക്കിലെടുത്താണ്. |

**സെക്ഷൻ ഓഫീസർ**